# കേരള സർവകലാശാല

നം. പി.ആർ.124/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു.

സർവ്വകലാശാല സെന്റർ ഫോർ മറൈൻ ബയോഡൈവേഴ്സിറ്റിക്ക് ഡി.ബി.റ്റി ഫണ്ട് അനുവദിച്ച എസ്.എൻ.ഐ.പി .എച്ച് ഗവേഷണ പദ്ധതിയിലേക്ക് യു. എച്ച്.പി എൽ. സി യും അനുബന്ധസാമഗ്രികളും വാങ്ങാൻ ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു. ടെണ്ടറുകൾ ലഭിക്കേണ്ട അവസാനതീയതി ജൂൺ 14.

## സി.ബി.സി.എസ്.എസ്. ബി.എസ്.സി. ഇലക്ട്രോണിക്സ് പ്രാക്ടിക്കൽ പരീക്ഷ

2018 മാർച്ച്-എപ്രിൽ മാസങ്ങളിൽ നടന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. എസ് കരിയർ റിലേറ്റഡ് ബി.എസ്.സി. ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 6 മുതൽ 8 വരെ അതതുകോളേജുകളിൽ വച്ചു നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## യു.ജി.സി ബ്ലോക്ക് ഗ്രാന്റ് 2018 -തീയതിനീട്ടി

സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് (യു.ജി. സിയുടെ 2 എഫ്-12ബി ചട്ടപ്രകാരം) യു.ജി.സി ബ്ലോക്ക് ഗ്രാന്റ് 2018ന്റെ പ്രൊപ്പോസൽ സർവ്വകലാശാലയിൽ സമർപ്പിക്കുന്നതിനുള്ള അവസാനതീ യതി ജൂൺ 6ൽ നിന്നും ജൂൺ 23 ലേക്ക് നീട്ടി

## ബി.ബി.എ പരീക്ഷ

ജൂൺ20 ന് ആരംഭിക്കുന്ന രണ്ടാം വർഷ ബി.ബി.എ (ആന്വൽ സ്കീം -പ്രൈ വറ്റ് രജിസ്ട്രേഷൻ )ഡിഗ്രി പരീക്ഷയുടെയും (റഗുലർ) ജൂലൈ 3ന് ആരംഭി ക്കുന്ന ഒന്നാം വർഷ ബി.ബി.എ (ആന്വൽ സ്കീം -പ്രൈവറ്റ് രജിസ്ട്രേഷൻ )ഡിഗ്രി പരീക്ഷയുടെയും (റഗുലർ &ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എഡ്(ഓൺലൈൻ)പരീക്ഷാഫലം

2018 മേയിൽ നടത്തിയ നാലാം സെമസ്റ്റർ ഓൺലൈൻ ബി.എഡ്(2015 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഒന്നാം വർഷ ബിരുദ പ്രവേശനം - 2018.

കേരള സർവകലാകാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിലും യു.ഐ.ടി., ഐ.എച്ച്.ആർ.ഡി. കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള 2018-19 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ 08.06.2018-ന് അവസാനിക്കുന്നതാണ്.

പ്രവേശന നടപടികളിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന എല്ലാ വിഭാഗങ്ങളിലുമുള്ള വിദ്യാർത്ഥികളും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്ത ആരേയും പ്രവേശനത്തിന് പരിഗണിക്കുന്നതല്ല.

കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്സ് ക്വാട്ട എന്നിവയിൽ അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പകർപ്പും അനുബന്ധ രേഖകളും 08.06.2018-നകം ബന്ധപ്പെട്ട കോളേജുകളിൽ സമർപ്പിക്കേണ്ടതാണ്. വൈകി കിട്ടുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് ഒന്നും തന്നെ സർവകലാശാലയിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

ഓൺലൈൻ അപേക്ഷയിൽ നൽകിയിട്ടുള്ള അക്കാദമിക് വിവരങ്ങൾ (academic details) വിദ്യാർത്ഥികൾക്ക് തന്നെ 04.06.2018 വരെ തിരുത്തലുകൾ വരുത്താവുന്നതാണ്. തിരുത്തൽ വരുത്തുന്നവർ പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

ഇതിനോടകം തന്നെ സ്പോർട്സ്, കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്ക് വിവിധ കോളേജുകളിൽ അപേക്ഷ സമർപ്പിച്ചുകഴിഞ്ഞ വിദ്യാർത്ഥികൾ തിരുത്തലുകൾ വരുത്തുന്നുണ്ടെങ്കിൽ പുതിയ പ്രിന്റൗട്ട് അതത് കോളേജ് / കോളേജുകളിൽ സമർപ്പിക്കേണ്ടതാണ്.

(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം.
01.06.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**